

ഉയരത്തിനോ ആഴത്തിനോ
മറ്റേതെങ്കിലും സൃഷ്ടിക്കോ
നമ്മുടെ കർത്താവായ
യേശുക്രിസ്തുവിലൂടെയുള്ള
ദൈവസ്നേഹത്തിൽനിന്നു നമ്മെ
വേർപ്പെടുത്താൻ കഴിയുകയില്ലെന്ന്
എനിക്ക് ഉറപ്പുണ്ട്

(റോമ 8:39)

# ടച്ച് മീ

TOUCH ME

ഫെബ്രുവരി 2024




10-02-2024




# Dr. T.R. Louis & Rosily

Thalakkottoor House
Guruvayur Road - Kunnamkulam

*Best Compliments From*

Dr. Francy Louis - Dr. Fessy Louis & Family




# ടച്ച് മീ
TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 16 – 2024 ഫെബ്രുവരി – ലക്കം : 6

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747





## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771
**M.K. ദേവസ്സി**
94953 28758
**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എം.എൽ. മാണി** 94463 91580
**ജോപോൾ വി. ആലപ്പാട്ട്** 94467 23804
**പോയ്സ് ജെബി** 99611 18927


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| വിശ്വാസപരിശീലനം | 5 |
| പുസ്തകപരിചയം | 6 |
| സഭാ വാർത്തകൾ | 7 |
| ലോക രോഗീദിനവും ..... | 9 |
| ദൈവാലയ ഘടന | 11 |
| കഴുത്തിൽ മുറിവില്ലാതെ... | 13 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| ഹൃദയം നിറഞ്ഞ നന്ദി | 18 |
| 2024 ഇടവക തിരുനാൾ | 20 |
| മമ്മീ ദൈവം മമ്മിയെപ്പോലെ.... | 23 |
| അനുബന്ധം - സ്മരണീയ... | 25 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

വീണ്ടും ഒരു നോമ്പിന്റെ പുണ്യത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഒരിക്കൽ ആൻ ഫ്രാങ്കിന്റെ ഡയറിയിൽ വർഷാരംഭത്തിൽ തന്നെ അവൾ ഇങ്ങനെ കുറിച്ചു. 1944 ജനുവരി 2 ഞായർ " ഇന്നുരാവിലെ വേറെ ഒന്നും ചെയ്യാനില്ലാതായപ്പോൾ ഞാൻ എന്റെ ഡയറിയുടെ പഴയ പേജുകളൊക്കെ ഒന്ന് മറിച്ചുനോക്കി. ശരിക്കും ഞാൻ ഞെട്ടിപ്പോയി. അമ്മയെക്കുറിച്ച് ഞാൻ പലയിടത്തും ദേഷ്യത്തോടെ എന്തൊക്കെയാണ് കുറിച്ചിരിക്കുന്നത്. ഞാൻ സ്വയം ചോദിച്ചു. "ആൻ നീ തന്നെയാണോ, വെറുപ്പിന്റെ ഇത്രമാത്രം കഠിന പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്? നിനക്കതിന് എങ്ങനെ കഴിഞ്ഞു" ശരിയാണ്; അമ്മയോട് പലപ്പോഴുമെനിക്ക് കടുത്ത ദേഷ്യം തോന്നിയിട്ടുണ്ട്; അത് അമ്മ എന്നെ വേണ്ടവിധത്തിൽ മനസ്സിലാക്കാത്ത സമയങ്ങളിലാണ്. എന്നാൽ ഒന്നോർത്താൽ ഞാനും അമ്മയെ പലപ്പോഴും മനസ്സിലാക്കുന്നില്ലല്ലോ. അമ്മ എന്നെ വളരെയധികം സ്നേഹിച്ചിട്ടുണ്ട്. തീർച്ച. ഞാൻ കാരണം അമ്മയ്ക്ക് ചില വേദനകളും നേരിടേണ്ടി വന്നിട്ടുണ്ട്. മറ്റു പല പ്രശ്നങ്ങൾക്കുമിടയിൽ ഈ അലോസരം കൂടിയാകുമ്പോൾ അമ്മ എന്നോട് ദേഷ്യപ്പെട്ടതിൽ യാതൊരു തെറ്റുമില്ല. പക്ഷേ, ആ നിമിഷങ്ങളിലെല്ലാം ഞാൻ അമ്മയോട് എത്ര സ്നേഹശൂന്യമായാണ് ഇടപെട്ടത്? അത് അമ്മയെ എത്രമാത്രം നൊമ്പരപ്പെടുത്തിയിട്ടുണ്ടാകണം? ഈ പുതുവർഷത്തിൽ വിങ്ങുന്ന ഹൃദയത്തോടെ ഞാൻ അതേക്കുറിച്ച് ഓർക്കുന്നു." ആൻ ഫ്രാങ്ക് എന്ന 13 കാരി തന്റെ അമ്മയോട് ഹൃദയപൂർവ്വം ക്ഷമിച്ചുകൊണ്ട്, രമ്യപ്പെട്ടുകൊണ്ടാണ് അവളുടെ ഡയറിയിലെ പുതുവർഷക്കുറിപ്പുകൾ തുടരുന്നത്. ശത്രുവിനോട് അനുരഞ്ജനത്തിലാവുക, ക്ഷമിക്കുക അത് ഒരു ക്രൈസ്തവ പുണ്യമാണ്. അതുപോലെ ജീവിതത്തിൽ തിരിഞ്ഞു നടക്കാൻ തയ്യാറാകുമ്പോഴാണ് ചില തിരിച്ചറിവുകൾ നമുക്ക് ലഭിക്കുന്നത്. നോമ്പുകാലം ഒരു തിരിച്ചു നടപ്പാണ്. തിരിച്ചു നടക്കണമെങ്കിൽ എന്തെങ്കിലും കണ്ടെത്തിയേ തീരൂ. തിരുവചനത്തിൽ തിരിച്ചു നടക്കുന്നവരുടെ ഒരു നിരതന്നെയുണ്ട്. മാലാഖയുടെ അറിയിപ്പനുസരിച്ചു പുൽക്കൂട്ടിലേക്ക് നീങ്ങിയ ഒരു ഗണം ആട്ടിടയന്മാരാണ് അവരിൽ ഒരുകൂട്ടർ. സകല ജനത്തിനും വേണ്ടിയുള്ള രക്ഷയുടെ സദ്വാർത്ത നേരിൽ കണ്ട അവർ സന്തോഷത്തോടെ തിരിച്ചു നടക്കുന്നു.

രക്ഷകനെ തേടിയെത്തിയ ജ്ഞാനികൾ, യൂദന്മാരുടെ രാജാവിനെ കൺകുളിർക്കെകണ്ട് ആരാധിച്ചു തിരികെ പോകുകയാണ്. ദൈവാലയത്തിൽ വെച്ച് നഷ്ടപ്പെട്ടുപോയ തങ്ങളുടെ പ്രിയ പുത്രനെ തേടി തിരിഞ്ഞു നടക്കുകയാണ് മറിയവും യൗസേപ്പും. അപ്പന്റെ സ്നേഹത്തിന്റെ ആഴം തിരിച്ചറിഞ്ഞപ്പോൾ ധൂർത്തപുത്രനും തിരിഞ്ഞു നടന്നു. പിതൃസ്നേഹത്തിന്റെ കരവലയത്തിലേക്ക്, ഹൃദയത്തിൽ നിരാശയും മ്ലാനതയും കൂടുകെട്ടിയപ്പോഴാണ് എമ്മാവൂസിലേക്ക് ശിഷ്യന്മാർ ഒളിച്ചോടിയത്. അപ്പമായി കൂടെ നടന്ന നാഥന്റെ സാന്നിദ്ധ്യം ജറുസലേമിന്റെ സന്തോഷത്തിലേക്ക് അവരെ തിരിച്ചു നടത്തി. പത്രോസിനെ തിരിച്ചു നടത്തിയതും ഒരു ചോദ്യമാണല്ലോ നീ എന്നെ സ്നേഹിക്കുന്നുവോ?

നോമ്പുകാലം നമ്മെ തിരിച്ചു നടക്കാൻ പ്രേരിപ്പിക്കുന്നു. തിരിച്ചു നടത്തുന്നതോ, തിരിച്ചറിവുകൾ തന്നെ. തിരിച്ചറിവുണ്ടാവണമെങ്കിൽ തിരിഞ്ഞു നോക്കാൻ തയ്യാറാവണം. മാംസമത്സ്യാദികളുടെ വർജ്ജനവും ഏതാനും പ്രാർത്ഥനകളുടെ ചൊല്ലിക്കൂട്ടലും മാത്രമായി നോമ്പുകാലം അവസാനിച്ചാൽ മതിയോ?

ഈ നോമ്പുകാലത്ത് നാം എവിടെനിന്നു തുടങ്ങിയോ അവിടേക്ക് തിരിച്ചു നടക്കാം നമുക്ക്... ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും തന്നിലേക്കുതന്നേയും; ദൈവം നമ്മെ അനുഗ്രഹിക്കട്ടെ...

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്



## ഇടയമൊഴി

# പരിത്യാഗ വഴികൾ

ആഹ്ലാദത്തിമിർപ്പിന്റെ
പെരുന്നാൾക്കാലം കഴിഞ്ഞു.
ഇനി വ്രതശുദ്ധിയുടെ ദിനങ്ങൾ...
ഓരോ നോമ്പുകാലവും,
ജീവിതത്തെ നന്മയിലുറപ്പിക്കാനും,
നേർരേഖയിലാക്കാനുമുള്ള
അവസരങ്ങളാക്കണം...
കർത്താവിന്റെ പീഢാസഹനവും,
കുരിശുമരണവും, ഉത്ഥാനവും,
ചിന്തകളാക്കി ഒരു തീർത്ഥയാത്ര...
നോമ്പും പ്രായശ്ചിത്തവും,
കുരിശിന്റെ വഴിയും,
ഇടവക ധ്യാനവും,
ഈ യാത്രയിൽ നമ്മെ സഹായിക്കുന്നു...
ഒത്തിരിയേറെ...
സഹനത്തിന്റെ കനൽ വഴികളിൽ,
ഉത്ഥാനത്തിന്റെ പ്രതീക്ഷ,
നമുക്ക് കരുത്താകട്ടെ...

*സസ്നേഹം*
**ദാവീദച്ചൻ**

# പ്രാർത്ഥനാശംസകൾ...



സീറോ മലബാർ സഭയുടെ
മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുത്ത

## അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്

കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻ ഇടവകയുടേയും
ടച്ച് മീ എഡിറ്റോറിയൽ ബോർഡിൻ്റേയും

പ്രാർത്ഥനാശംസകൾ







**പി. എ. ലില്ലി**
(പ്രിൻസിപ്പാൾ)


# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖം തന്നെയല്ലേ? നമ്മുടെ വലിയ ആഘോഷങ്ങളിലൊന്നായ ഇടവക തിരുനാൾ എല്ലാവരും ഭക്തി പൂർവ്വം കൊണ്ടാടി എന്നു കരുതുന്നു. ഇനി പരീക്ഷയുടെ കാലമാണ്. പരീക്ഷാതിയ്യതി അധ്യാപകർ നിങ്ങളെ അറിയിച്ചിട്ടുണ്ടായിരിക്കും. പാഠഭാഗങ്ങളെല്ലാം കഴിഞ്ഞ് റിവിഷന്റെ തിരക്കിലാണ് എല്ലാവരും എന്നറിയാം. അധ്യാപകർ നിർദ്ദേശിക്കുന്നതുപോലെ പാഠഭാഗങ്ങൾ കൃത്യമായി പഠിച്ച് പരീക്ഷക്ക് ഒരുങ്ങണം. പ്രാർത്ഥനകളുടെ കാര്യവും വിട്ടുപോകരുത്. പ്രാർത്ഥനകളെല്ലാം എല്ലാവർക്കും മനഃപാഠമാണല്ലോ. ഒന്നുകൂടി പഠിച്ച് പരീക്ഷക്ക് തെറ്റാതെ പറയാനും എഴുതാനും ശ്രദ്ധിക്കണം.

മറ്റൊരു പ്രധാനകാര്യം നമ്മുടെ വലിയനോമ്പ് ആരംഭിക്കുന്നു എന്നതാണ്. നമ്മുടെ വിശ്വാസ ജീവിതത്തിലെ ഒരു പ്രധാന കാര്യമാണ് അമ്പതുനോമ്പ്. യേശുക്രിസ്തുവിന്റെ മരണത്തിനും സ്വർഗ്ഗാരോപണത്തിനുമായി നമ്മൾ നന്നായി ഒരുങ്ങേണ്ടതാണ്. സാധിക്കുന്നവരെല്ലാം അമ്പതുദിവസവും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളേണ്ടതാണ്. എല്ലാവർക്കും നല്ല പരീക്ഷാ വിജയം ആശംസിച്ചുകൊണ്ട്.

സ്നേഹത്തോടെ,
ലില്ലിടീച്ചർ

## വിശ്വാസ പരിശീലന വാർഷിക പരീക്ഷ - സമയക്രമം

| | | | |
|---|---|---|---|
| 2024 | **ഫെബ്രുവരി 11** | 2 pm - 4 pm | Std. X, XI, XII |
| 2024 | **ഫെബ്രുവരി 11** | 2 pm - 5 pm | ACC |
| 2024 | **ഫെബ്രുവരി 18** | 2 pm - 4 pm | Std. I, III, V, VII, IX |
| 2024 | **ഫെബ്രുവരി 25** | 2 pm - 4 pm | Std. II, IV, VI, VIII |



# പുസ്തക പരിചയം

സിസ്റ്റർ അൻസ ജോസ് CMC

## സൗഹൃദകൂടാരത്തിലെ മൺചിരാതുകൾ

പ്രഭാഷകൻ 6:14 "വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി കണ്ടെത്തിരിയിരിക്കുന്നു." ജീവിതം മുരടിച്ചു പോകാതെ വെയിലേറ്റ് വാടാതെ ചൂടേറ്റ് കരിയാതെ മുന്നോട്ട് പോകണം. ജീവിതത്തിന്റെ വരൾച്ചയിലും നെടുവീർപ്പിലും ഊഷര ഭൂമിയാകുന്ന മനസ്സിൽ പെയ്തിറങ്ങുന്ന മഴയാണ് നല്ല സുഹൃദ് ബന്ധങ്ങൾ. ഏതൊരു സൗഹൃദവും നിലനിന്നു പോകുന്നത് ചില അടിസ്ഥാന ഘടകങ്ങളിൽ ആണ്. ശ്രവണവും പരിഗണനയും കരുണയും സ്നേഹവും പങ്കുവെക്കലും ക്ഷമയും ഇതിലെ പ്രമാണങ്ങളാണ്. ഇവയൊന്നും പാലിക്കാതെ നല്ല വ്യക്തി ബന്ധങ്ങളും സമൂഹങ്ങളും ഉണ്ടാവില്ല. ആത്മസാക്ഷാത്കാരത്തിലൂടെ ആത്മാക്കളുടെ രക്ഷ സാധിക്കാനുള്ള മാർഗ്ഗങ്ങൾ എല്ലാം ഓരോന്നായി സൗഹൃദകൂടാരത്തിലെ മൺചിരാതുകളിലൂടെ നമ്മുടെ കൈകളിലെത്തുകയാണ്. ഈ ഗ്രന്ഥം നമുക്ക് ഒരു മാർഗ്ഗദർശി ആകട്ടെ. അറിവിന്റെ പ്രകാശത്തിൽ ആഴപ്പെടാൻ സഹായിക്കുന്ന വായനയുടെ പഠനത്തിന്റെ വിചിന്തനത്തിന്റെ ആത്മീയത നമുക്കുണ്ടാകട്ടെ. ഈ ഗ്രന്ഥം നമുക്ക് വായിക്കാം.

| | | |
|---|---|---|
| പുസ്തകത്തിന്റെ പേര് | : | സൗഹൃദ കൂടാരത്തിലെ മൺചിരാതുകൾ |
| രചന | : | സി.എം.സി. ജനറലേറ്റ്<br>മൗണ്ട് കാർമൽ ജനറലേറ്റ്, ആലുവ |
| പ്രസിദ്ധീകരണം | : | ആലുവ പ്രസ് |
| ഫോൺ | : | 0495 237 3077 |

### ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 03-02-2024 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |
| 02-03-2024 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |
| 06-02-2024 ചൊവ്വ | 6.30 am സെന്റ് ആന്റണീസ് കപ്പേള |




**മാർ റാഫേൽ തട്ടിൽ സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ്**

കാക്കനാട്: സീറോമലബാർ സഭയുടെ നാലാമത് മേജർ ആർച്ചു ബിഷപായി ഷംഷാബാദ് രൂപതാ മെത്രാൻ മാർ റാഫേൽ തട്ടിലിനെതിരഞ്ഞെടുത്തു. വത്തിക്കാനിലും കാക്കനാട് മൗണ്ട് സെന്റ് തോമസിലും ഇതു സംബന്ധിച്ച പ്രഖ്യാപനം ഒരേ സമയം നടന്നു. സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നുവരുന്ന മെത്രാൻ സിനഡിന്റെ ആദ്യ സമ്മേളനത്തിലാണ് മാർ റാഫേൽ തട്ടിലിനെ മേജർ ആർച്ചുബിഷപായി തിരഞ്ഞെടുത്തത്. ഇന്നലെ വൈകുന്നേരത്തോടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിയിരുന്നെങ്കിലും ഫ്രാൻസിസ് മാർപാപ്പയുടെ അംഗീകാരം ലഭിച്ച ശേഷമാണ് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായത്. 1956 ഏപ്രിൽ 21-നാണ് മാർ റാഫേൽ തട്ടിൽ ജനിച്ചത്. തൃശൂർ ബസലിക്കാ ഇടവകാംഗമായ അദ്ദേഹം 1980 ഡിസംബർ 21-ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റു നേടിയ മാർ തട്ടിൽ തൃശൂർ രൂപതാ വൈസ് ചാൻസലർ, ചാൻസലർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 2010-ൽ തൃശൂർ അതിരൂപതാ സഹായ മെത്രാനായി നിയമിതനായ അദ്ദേഹം 2017 ഒക്ടോബർ 10-നാണ് ഷംസാബാദ് രൂപതയുടെ മെത്രാനായി നിയമിതനായത്.

**ദളിത് ക്രൈസ്തവർക്ക് ഷെഡ്യൂൾഡ് കാസ്റ്റ് പദവി ആന്ധ്രപ്രദേശ് ഗവൺമെന്റിന്റെ ആവശ്യത്തെ ക്രൈസ്തവ നേതാക്കൾ സ്വാഗതം ചെയ്തു**

അമരാവതി: ദളിത് ക്രൈസ്തവർക്ക് ഷെഡ്യൂൾഡ് കാസ്റ്റ് ആനുകൂല്യങ്ങൾ നൽകണമെന്ന ആന്ധ്രപ്രദേശ് ഗവൺമെന്റിന്റെ ആവശ്യത്തെ ക്രൈസ്തവ നേതാക്കൾ സ്വാഗതം ചെയ്തു. ക്രിസ്തുമതം സ്വീകരിച്ച ദളിതരുടെ ജീവിതം ഇപ്പോഴും ദുഷ്കരമാണെന്നും അതുകൊണ്ട് അവർക്ക് ഷെഡ്യുൾഡ് കാസ്റ്റ് ആനുകൂല്യങ്ങൾ നൽകണമെന്നും ആന്ധ്രപ്രദേശ് സോഷ്യൽ വെൽഫെയർ മിനിസ്റ്റർ മെരുഗു നാഗാർജു പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. അവർ ക്രിസ്തുമതത്തിലേക്ക് മാറിയെന്നാലും അവരുടെ ജീവിത സാഹചര്യങ്ങളിൽ കാര്യമായ മാറ്റമൊന്നുമുണ്ടായില്ലയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**കലയുടെ 51 വർഷങ്ങൾ**

കേരളത്തിലെ പ്രമുഖ കലാ-സാംസ്ക്കാരിക സംഘടനയായ തൃശൂർ അതിരൂപതയുടെ കലാസദൻ 51-ാം വാർഷികം ആഘോഷിക്കുന്നു. 1972 ഡിസംബർ 30-നാണ് കലാസദൻ ആരംഭിച്ചത്. കേരളത്തിലെ കത്തോലിക്കാ രൂപതകളിൽ ഇദംപ്രഥമായി ആരംഭിച്ച പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ബിഷപ് മാർ ജോസഫ് കുണ്ടുകുളമാണ്. പ്രഥമ പ്രസിഡന്റ് ദൈവദാസൻ ഫാ. കനീസിയൂസ് സിഎംഐ. ആയിരുന്നു. ആരംഭകാലത്തു തന്നെ സംഗീതം, നാടകം, സാഹിത്യം, നൃത്തം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. കേരളത്തിൽ ആദ്യമായി ഓഡിയോ-സംഗീത കാസറ്റുകൾക്ക് ആരംഭംകുറിച്ചത് കലാസദനായിരുന്നു. മുപ്പത്തിയഞ്ചോളം കാസറ്റുകളും 2 എൽ.പി. റെക്കോർഡുകളും പ്രസിദ്ധീകരിച്ചു. സംഗീതലോകത്തെ എക്കാലത്തെയും മികച്ച ഗായകർക്ക് ഒട്ടേറെ സംഗീതവേദികൾ ഒരുക്കാൻ കലാസദന് അവസരമുണ്ടായിട്ടുണ്ട്. അമേരിക്ക, ഇംഗ്ലണ്ട്, ഗൾഫ്, മലേഷ്യ, സിഗപൂർ തുടങ്ങിയ വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ മിക്ക നഗരങ്ങളിലും സംഗീതപരിപാടികൾ നടത്തിയിട്ടുണ്ട്. കലാകാരന്മാർക്ക് വേദികളില്ലാതായ കോവിഡ് കാലഘട്ടത്തിൽ സാമൂഹ്യമാദ്ധ്യമങ്ങളിലൂടെ പത്തോളം സംഗീതവിരുന്നുകൾ ഒരുക്കി കലാകാരന്മാർക്ക് കരുതലാവാൻ കഴിഞ്ഞു. ആരംഭകാലം മുതൽ തന്നെ സംഗീതോപകരണ ക്ലാസ് നടത്തി വരുന്നു. ഇടവക ഗായകസംഘങ്ങളെ അതിരൂപതതലത്തിൽ ഏകോപിപ്പിക്കാൻ കലാസദനാണ് നേതൃത്വം നൽകിയത്.


**ആർഭാടങ്ങൾക്ക് ചെലവഴിക്കുന്ന പണം പാവങ്ങൾക്കു കൊടുക്കാം**

തൃശൂർ: അനാവശ്യമായി ആഘോഷങ്ങൾക്കും ആർഭാടങ്ങൾ ക്കുമായി ചെലവഴിക്കുന്ന പണം മുഴുവൻ പാവങ്ങൾക്കു കൊടുക്കാൻ സഭ കടപ്പെട്ടിരിക്കുന്നുവെന്ന് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. മാർ ജോസഫ് കുണ്ടുകുളമാണ് ഇക്കാര്യത്തിൽ എന്റെ പാഠപുസ്തകമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തൃശൂർ അതിരൂപത നൽകിയ സ്വീകരണത്തിൽ പ്രസംഗിക്കുകയായിരുന്നു മാർ തട്ടിൽ. ആർഭാടങ്ങളും ആഘോഷങ്ങളുമായി നടക്കുന്ന സഭയോട് വലിയ വിയോജിപ്പുണ്ട്. പെരുന്നാളുകൾക്ക് താൻ എതിരല്ലെന്നും പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനും സഭ മുന്നിലുണ്ടാകണമെന്നും മാർ തട്ടിൽ പറഞ്ഞു. സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപായതിനുശേഷം ആദ്യമായി സ്വന്തം മണ്ണിലെത്തിയ മാർ തട്ടിലിന് ഹൃദ്യമായ വരവേല്പാണ് അതിരൂപത ഒരുക്കിയത്. ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ബോസ്കോ പുത്തൂർ എന്നിവർ ചേർന്ന് മേജർ ആർച്ച്ബിഷപ്പിനെ സ്വീകരിച്ചു.



തൃശൂർ അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ
അതിരൂപതയിലെ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള
മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ടച്ച്-മീ പാരിഷ് ബുള്ളറ്റിന്
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നൽകിയ ട്രോഫി
ഇടവക വികാരി ദാവീദ് വിതയത്തിൽ ടച്ച്-മീ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് കൈമാറുന്നു





*HAPPY*
5th Birthday!
05-02-2024
DARIN ANTONY DINTO
*HAPPY*
7th Birthday!
10-03-2024
DANLIN ANNA DINTO
Dinto Dominik & Nitha Dinto
Chiriyankandath House
P.O. Thekkeppuram
Kunnamkulam
Best wishes from : Dada, Amma, Appappan, Ammamma




4-ാം
ചരമവാർഷികം
24-02-2024
കുറ്റൂക്കാരൻ
ഈനാശു ഭാര്യ
റോസിലി ഈനാശു
തെക്കേപ്പുറം - കുന്നംകുളം
ദുഃഖസ്മരണകളോടെ : കുടുംബാംഗങ്ങൾ

# ലോക രോഗീദിനവും ലൂർദ് മാതാവും



സിസ്റ്റർ ജെസ്റ്റിന CMC



ലോകരോഗീദിനമായ ഫെബ്രുവരി 11ന് തിരുസഭ ലൂർദ് മാതാവിന്റെ തിരുനാൾ ആഘോഷിക്കുന്നു. ഫെബ്രുവരി 11 മുതൽ ജൂലൈ 16 വരെ 18 പ്രാവശ്യം ഫ്രാൻസിൽ ലൂർദ് ഗ്രാമത്തിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ചുവളർന്ന അക്ഷര വിദ്യാഭ്യാസമില്ലാത്ത 14 വയസ്സുകാരിയായ ബെർണദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ട്, താൻ അമലോൽഭവയാണെന്നും ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്നും പരിശുദ്ധ അമ്മ ആവർത്തിച്ചു പറഞ്ഞു. ഫെബ്രുവരി 25ന് പരിശുദ്ധ അമ്മ ബെർണദീത്തയോട് മാതാവ് പ്രത്യക്ഷപ്പെട്ട ഗ്രോട്ടോയ്ക്ക് അരികിൽ കൈകൊണ്ട് കുഴിച്ച് ആ കുഴിയിൽ നിന്ന് വരുന്ന വെള്ളം കുടിക്കാനും മുഖം കഴുകാനും പറഞ്ഞു. അതോടെ ആസ്മ രോഗിയായ ബെർണദീത്തയ്ക്ക് സൗഖ്യം ലഭിച്ചു. അടുത്ത ദിവസം ആയപ്പോഴേക്കും വെള്ളം കൂടിക്കൂടി വന്ന് അത് അരുവിയായി തീർന്നു. നാല് ദിവസങ്ങൾക്ക് ശേഷം ലൂയി ബൂറിയറ്റ് എന്ന അന്ധനായ കല്ലുവെട്ടുകാരൻ ആ ഉറവയിൽ മുഖം കഴുകിയപ്പോൾ അദ്ദേഹത്തിന് കാഴ്ച ലഭിച്ചു. മാതാവിന്റെ മാധ്യസ്ഥം തേടി അരുവിയിൽ ഇറങ്ങുന്നവർക്ക് അത്ഭുതകരമായി സൗഖ്യം നൽകി

## ഞങ്ങൾ ഒന്നായി



✤ ഈ ഇടവക ചുങ്കത്ത് ഡൊമിനിഗോസ് + ബീന മകൾ **നിമ്മി**
പേരകം ഇടവക ചീരൻ സണ്ണി + റോസി മകൻ **സ്റ്റോയ്**

ക്കൊണ്ട് അരുവി ഇന്നും ഒഴുകുന്നുണ്ട്.

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11ന് ലോകത്തിന്റെ പലഭാഗത്തുനിന്നും അനേകായിരം രോഗികൾ ലൂർദ്ദിൽ വന്ന് ജപമാല പ്രദക്ഷിണത്തിലും ആരാധനയിലും വിശുദ്ധ കുർബാനയിലും പങ്കെടുക്കുകയും അത്ഭുത ഉറവയിൽ ഇറങ്ങി സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു.

കാനായിലെ കല്യാണ വേളയിൽ ആ ഭവനത്തിന്റെ ആവശ്യം കണ്ടറിഞ്ഞ് പരിശുദ്ധ അമ്മ ഈശോയ്ക്ക് മുൻപിൽ മധ്യ സ്ഥയായി നിലകൊണ്ടതുപോലെ, ലൂർദ്മാതാവിന്റെ തിരുനാൾ ദിനം ദിവ്യകാരുണ്യ പ്രദക്ഷിണം പോകുന്ന വഴിയുടെ ഇരുവ ശത്തും സൗഖ്യത്തിനായി കാത്തിരിക്കുന്ന രോഗികളുടെ മധ്യത്തി ലൂടെ ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി വൈദികൻ കടന്നുപോകു മ്പോൾ ലൂർദ് മാതാവിന്റെ ശക്തമായ മധ്യസ്ഥതയിൽ ദിവ്യകാ രുണ്യ ഈശോ അനേകർക്ക് സൗഖ്യം നൽകുന്നു. ശാരീരികമോ മാനസികമോ ആയ രോഗത്താൽ അസ്വസ്ഥപ്പെടുന്ന അനേകർ നമു ക്കൊപ്പവും, നമുക്ക് ചുറ്റുമുണ്ട്. ലൂർദ് മാതാവിന്റെ മാധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം.

**ലൂർദ്മാതാവിനോടുള്ള പ്രാർത്ഥന.**

ഏറ്റവും പരിശുദ്ധയും അനുഗ്രഹീതയും കന്യകയുമായ അമ്മയുടെ അമലോത്ഭവത്തെ ഞങ്ങൾ ആയിരം തവണ വാഴ്ത്തി പാടുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട അമ്മേ, കാരുണ്യത്തിന്റെ മാതാവേ, രോഗികളുടെ ആരോഗ്യമേ, പാപികളുടെ സങ്കേതമേ, ദുഃഖിതരുടെ ആശ്വാസമേ, അമ്മ ഞങ്ങളുടെ ആവശ്യങ്ങളും പ്രയാസങ്ങളും സങ്ക ടങ്ങളും ദുരിതങ്ങളും അറിയുന്നുവല്ലോ. അമ്മ അവയിലേക്ക് കാരുണ്യ പൂർവ്വം നോക്കണമേ. ഞങ്ങൾക്ക് ആത്മീയവും ശാരീരിക വുമായ രോഗസൗഖ്യം പ്രദാനം ചെയ്യണമേ. അമ്മയുടെ മാതൃസ ഹായം ഞങ്ങൾ തേടുന്നു. ഞങ്ങളെ കൈവിടരുതേ. ആമേൻ...



*ആത്മീയ ആഘോഷങ്ങൾ ഏതുമായികൊള്ളട്ടെ...*

ദൈവാലയം വൈവിധ്യങ്ങളായ പൂക്കൾകൊണ്ട് ഏറ്റവും മനോഹരമായി അലങ്കരിക്കുന്നതിന് സമീപിക്കുക

**ദൈവാലയ അലങ്കാര കമ്മിറ്റി**

ജാൻസി ആന്റോ 98461 79169

മിനി പോൾ 88484 29299



# ദൈവാലയ ഘടന

ബ്രദർ ആകാശ് ജെ. വെട്ടികാട്

പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ രക്ഷാകരസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ് ദൈവാലയം. തിരുസഭയുടെ പ്രതിരൂപമാണ് ഓരോ ദൈവാലയവും, ദൈവാരാധനയ്ക്കായി വിശ്വാസികളായ നാം നമ്മുടെ ദൈവാലയത്തെ സമീപിക്കുമ്പോൾ ഓർത്തിരിക്കേണ്ടതും മനസ്സിലാക്കിയിരിക്കേണ്ടതുമായ ചില വസ്തുതകളുണ്ട്. വിശ്വാസ ജീവിതത്തിൽ ഒരിക്കലും നാം മറക്കാൻ പാടില്ലാത്ത ഒന്നാണ് നമ്മുടെ ആരാധനാലയത്തിന്റെ നിർമ്മിത ഘടകങ്ങൾ എന്നത്.

**1. മദ്ബഹാ – അതിവിശുദ്ധ സ്ഥലം**

സ്വർഗ്ഗീയ ഓർശ്ലേമിന്റെ പ്രതീകമാണ് മദ്ബഹാ. ദൈവത്തിന്റെ മഹത്വപൂർണ്ണമായ സാന്നിദ്ധ്യംകൊണ്ടും സ്വർഗ്ഗീയഗണങ്ങൾ അനവരതം ഉയർത്തുന്ന ദൈവസ്തുതികൾ കൊണ്ടും നിറഞ്ഞുനിൽക്കുന്ന സ്വർഗ്ഗത്തിന്റെ അനുഭൂതി മദ്ബഹാ പ്രദാനം ചെയ്യുന്നു. ബലിപീഠം മദ്ബഹായിലാണ് സ്ഥിതി ചെയ്യുന്നത്.

**2. ബലിപീഠം**

ബലിപീഠത്തിന്റെ സാന്നിദ്ധ്യം ദൈവാലയത്തെ അതിവിശുദ്ധ സ്ഥലമാക്കുന്നു. ഈശോയുടെ കബറിടം, ദൈവത്തിന്റെ സിംഹാസനം എന്നിങ്ങനെയെല്ലാം ബലിപീഠത്തെ വിശേഷിപ്പിക്കാറുണ്ട്. ദൈവാലയ കൂദാശയിൽ പുരോഹിതശ്രേഷ്ഠൻ ബലിപീഠത്തെ വിശുദ്ധ തൈലത്താൽ അഭിഷേകം ചെയ്യുന്നുണ്ട്. ബലിപീഠത്തിന്റെ മധ്യത്തിൽ ഉത്ഥിതന്റെ പ്രതീകമായ മാർത്തോമ്മാ സ്ലീവായും വലതുവശത്ത് മിശിഹായുടെ വചനങ്ങളുടെ പ്രതീകമായ സുവിശേഷ ഗ്രന്ഥവും പ്രതിഷ്ഠിച്ചിരിക്കുന്നു.

**3. മാർത്തോമ്മാ സ്ലീവാ**

ശൂന്യമായ സ്ലീവാ ഉത്ഥിതനായ മിശിഹായെ സൂചിപ്പിക്കുന്നു. സ്ലീവായുടെ മേൽ പറന്നിറങ്ങുന്ന പ്രാവ് മിശിഹായെ ഉയർപ്പിച്ച റൂഹാദ്ക്കുദിശായുടെ പ്രതീകം. സ്ലീവായിലെ മൂന്ന് പടികൾ മിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിപ്പിക്കുന്ന ഗാഗുൽത്തായുടെ പ്രതീകം.

**4. മാമ്മോദീസാത്തൊട്ടി**

മാമ്മോദീസാത്തൊട്ടി സഭാമാതാവിന്റെ ഗർഭപാത്രമാണ്. അവിടെയാണ് ഓരോ ദൈവപൈതലും ജനിക്കുന്നത്. ദൈവമക്കളുടെ ആഹാരം ബലിപീഠത്തിലെ ബലിയിൽനിന്നാണ്. അതുകൊണ്ട്

മാമ്മോദീസായുടെ പൂർത്തീകരണം പരി. കുർബാനയാണ്.

**5. സക്രാരി**

പരിശുദ്ധ കുർബാന സൂക്ഷിക്കുന്ന കൂടാരമാണ് സക്രാരി. രോഗികൾക്കും മരണാസന്നർക്കും നൽകുന്നതിനും മതപീഢനാവസരങ്ങളിൽ വിശ്വാസികൾക്ക് എത്തിക്കുന്നതിനുമാണ് മുൻകാലങ്ങളിൽ പരി. കുർബാന സൂക്ഷിച്ചിരുന്നത്.

**6. ബേസ്സഹദേ**

രക്തസാക്ഷികളുടേയും വിശുദ്ധരുടേയും തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലമാണ് ബേസ്സഹദേ.

**7. ബേസ്ഗസ്സാകൾ**

മദ്ബഹായിൽ ബലിപീഠത്തിന്റെ ഇരുവശങ്ങളിലുമായി അപ്പവും വീഞ്ഞും തയ്യാറാക്കാൻ സജ്ജീകരിച്ചിരിക്കുന്ന നിക്ഷേപാലയങ്ങളാണിവ.

**8. ബേമ്മാ**

ഹൈക്കലയുടെ മദ്ധ്യഭാഗത്തായി സജ്ജീകരിച്ചിരിക്കുന്ന പ്ലാറ്റ്ഫോറമാണ് ബേമ്മാ. അതിന്റെ മദ്ധ്യത്തിലായി ചെറിയൊരു പീഠവും അതിന്മേൽ സ്ലീവായും ഇരുവശങ്ങളിൽ തിരികളും, ബേമ്മയുടെ ഇരുവശങ്ങളിലുമായി വായനാപീഠങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ബേമ്മാ ഭൗമിക ഓർശ്ലമിന്റെ പ്രതീകമാണ്.

**9. കെസ്ത്രോമ്മാ**

ഹൈക്കലായിൽ നിന്ന് ഒരുപടി ഉയർന്ന് ഗായകസംഘത്തിനുള്ള സ്ഥലമാണിത്. സ്വർഗ്ഗത്തെ സൂചിപ്പിക്കുന്ന മദ്ബഹായെയും ഭൂമിയെ സൂചിപ്പിക്കുന്ന ഹൈക്കലായെയും തമ്മിൽ കെസ്ത്രോമ്മാ ബന്ധിപ്പിക്കുന്നു.

**10. ഹൈക്കലാ**

ആരാധനാ സമൂഹം സമ്മേളിക്കുന്ന ഈ സ്ഥലം ഭൂമിയുടെ പ്രതീകമാണ്. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനത്തിൽ ദൈവജനം നിലകൊള്ളുന്നതും സമ്മേളിക്കുന്നതുമായ ഇടമാണ് ഹൈക്കലാ.

**11. സങ്കീർത്തി**

വൈദികർക്കും ശുശ്രൂഷികൾക്കും തിരുവസ്ത്രങ്ങളണിയാനുള്ള സ്ഥലം ദൈവാരാധനയ്ക്കുള്ള തിരുപ്പാത്രങ്ങളും ആരാധനക്രമഗ്രന്ഥങ്ങളും തിരുവസ്ത്രങ്ങളും മറ്റും സൂക്ഷിക്കുന്ന സ്ഥലം.

**12. മൊണ്ടളം**

ഹൈക്കലയുടെ പിറകിൽ ദൈവാലയത്തിനു വെളിയിൽ അയോഗ്യരും മാമ്മോദീസാർത്ഥികളും നിന്നിരുന്ന സ്ഥലം. ദൈവാലയ കവാടത്തിലുള്ള വിവിധ ശുശ്രൂഷകളുടെ വേദികൂടിയാണ് മൊണ്ടളം എന്നത്.



# കഴുത്തിൽ മുറിവില്ലാതെ തൈറോയ്ഡ് സർജറി

ഡോ. പോൾ സി. റാഫേൽ



കഴുത്തിന്റെ മുൻവശത്ത് താഴെയായി സ്ഥിതി ചെയ്യുന്ന ഒരു ഗ്രന്ഥിയാണ് തൈറോയ്ഡ്. അത് തൈറോക്സിൻ എന്ന ദ്രാവകം ഉത്പാദിപ്പിക്കുന്നു. ആ ദ്രാവകം ശരീരത്തിലെ പല പ്രക്രിയകൾക്കും അത്യാവശ്യമാണ്. ആ ഗ്രന്ഥിക്ക് രണ്ടുതരത്തിലുള്ള അസുഖങ്ങൾ ബാധിക്കുന്നുണ്ട്. ഒന്നാമതായി ഗ്രന്ഥിയുടെ പ്രവർത്തന വ്യതിയാനങ്ങളും, രണ്ടാമതായി കാഴ്ചയിൽ അറിയാവുന്ന ഗ്രന്ഥിയുടെ കേടുകളും, തൈറോയ്ഡ് ഗ്രന്ഥി കൂടുതൽ പ്രവർത്തിക്കുന്നതിന് ഹൈപ്പർ തൈറോയിഡിസം എന്നും പ്രവർത്തനം കുറയുന്നതിന് ഹൈപ്പോ തൈറോയിഡിസം എന്നും പറയുന്നു. ഇവ രണ്ടും (TFT) രക്ത പരിശോധന കൊണ്ട് അറിയാൻ സാധിക്കുന്നു. തൈറോയിഡ് ഗ്രന്ഥിക്ക് നീരുവെയ്ക്കുക (Thyroiditis), തൈറോയിഡ് ഗ്രന്ഥിക്ക് മുഴ ഉണ്ടാകുക (Thyroid Noodles) മുതലായ കഴുത്തിന്റെ മുൻഭാഗത്ത് വീക്കമായിട്ട് കാണപ്പെടുന്നു. തൈറോയിഡിന്റെ വീക്കത്തിന് കാരണം അൾട്രാ സൗണ്ട് സ്കാൻ ചെയ്ത് അറിയേണ്ടതാണ്. തൈറോയിഡിന്റെ ഗ്രന്ഥിക്ക് ശസ്ത്രക്രിയ വേണ്ട അസുഖങ്ങളേയും അതിന്റെ ചികിത്സാ രീതികളേയും കുറിച്ചാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

**തൈറോയിഡിന് സർജറി വേണ്ടിവരുന്ന അസുഖങ്ങൾ**

* കാൻസർ ആകാൻ ഇടയുള്ള മുഴകൾ
* കാഴ്ചക്ക് അഭംഗി വരുത്തുന്ന വലിയ മുഴകൾ
* നെഞ്ചിനകത്തേക്ക് ഇറങ്ങി നിൽക്കുന്ന Retrosternal Goiter
* ഭക്ഷണത്തിന് തടസ്സം വരുത്തുകയോ, ശ്വാസതടസ്സം ഉണ്ടാകാൻ ഇടയുള്ളതോ ആയ മുഴകൾ.
* കൂടുതലായി തൈറോയിഡ് ഹോർമോൺ ഉണ്ടാകുന്ന toxic Adenoma, Toxicmulti Nedular Goiter മുതലായവ.

**FNAC പരിശോധന**

ഒരു ഡോക്ടറുടെ അടുത്ത് തൈറോയിഡ് വീക്കവുമായിട്ട് ചെല്ലുമ്പോൾ ആദ്യമായി ചെയ്യുന്നത് രക്തത്തിന്റെ തൈറോയ്ഡ് പരിശോധനയും കഴുത്തിന്റെ അൾട്രാ സൗണ്ട് സ്കാനുമാണ്. തൈറോയിഡ് ഗ്രന്ഥിക്ക് അകത്ത് മുഴ ഉണ്ടെങ്കിൽ അത് വളരെ നേർത്ത സൂചിവെച്ച് കുത്തിയിട്ട് ആ സൂചിക്ക് അകത്തുള്ള കോശങ്ങൾ പരിശോധനക്ക് അയക്കുന്നു. ഈ പരിശോധന അൾട്രാ സൗണ്ട് സ്കാനിംഗിന്റെ സഹായത്തോടെ ചെയ്യുന്നതാണ് അഭികാമ്യം.

കാൻസർ മുഴകളോ, കാൻസർ ആകുവാൻ സാധ്യതയേറിയ മുഴകളോ പെട്ടെന്നുതന്നെ ഓപ്പറേഷൻ വഴി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത മുഴകൾ വലുപ്പമേറിയതാണെങ്കിലോ അതുമൂലം മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടാവുകയാണെങ്കിലോ നീക്കം ചെയ്യേണ്ടതാണ്. വേർതിരിച്ചറിയുവാൻ സാധിക്കാത്ത മുഴകൾ തുടരെ പരിശോധിച്ചു നോക്കുകയോ നീക്കം ചെയ്യുകയോ ആണ് ഉചിതം.

**Retrosternal goiter**

ചില തൈറോയിഡ് മുഴകൾ നെഞ്ചിനകത്ത് ഇറങ്ങി ഇരിക്കുന്നവയാകുന്നു. വളരെ ചുരുക്കം അവസരങ്ങളിൽ ആ മുഴ നെഞ്ചിനകത്ത് മാത്രമായി സ്ഥിതി ചെയ്യുന്നു. നെഞ്ചിന്റെ കൂടിനകത്ത് സ്ഥലപരിമിതി ഉള്ളതിനാൽ ആ മുഴ വലുതാകുമ്പോൾ ശ്വാസതടസ്സവും ഭക്ഷണം ഇറക്കുന്നതിന് ബുദ്ധിമുട്ടും ഉണ്ടാക്കുന്നു. അവ അറിയുന്നതിന് സി.ടി. സ്കാൻ പരിശോധന ആവശ്യമാണ്. ഇത്തരം മുഴകൾ ആകുന്നതും വേഗം നീക്കം ചെയ്യപ്പെടേണ്ടവയാണ്. കാരണം ശ്വാസതടസ്സം വരുന്നപക്ഷം അതു മരണത്തിലേക്ക് വരെ നയിക്കാവുന്നതാണ്.



**ശസ്ത്രക്രിയക്ക് മുമ്പ് ചെയ്യേണ്ട പരിശോധനകൾ**

1. തൈറോയിഡിന്റെ പ്രവർത്തനം അറിയാനുള്ള രക്തപരിശോധന (TFT), സർജറി സമയത്ത് പ്രവർത്തനം നിയന്ത്രണവിധേയമായിരിക്കേണ്ടത് അത്യാവശ്യമാണ്.
2. പ്രിയോപ്ടെസ്റ്റ്
3. അനസ്തേഷ്യ & E.N.T. കൺസൾട്ടേഷൻ

രണ്ടു രീതിയിലുള്ള ശസ്ത്രക്രിയകൾ ഇപ്പോൾ നിലവിലുണ്ട്.

1. Hemi Thyroidectomy : ഒരു വശവും നടുഭാഗവും പൂർണ്ണമായും മാറ്റുന്നു.
2. Total Thyroidectomy : ഗ്രന്ഥിയുടെ ഇരുവശവും പൂർണ്ണമായും മാറ്റുന്നു.

**ഹെമിതൈറോയ്ഡക്ടമി**

ഗുണങ്ങൾ : മറുഭാഗത്തെ തൈറോയ്ഡ് ലോബിൽ തൈറോക്സിൻ ഉൽപ്പാദിക്കപ്പെടുന്നതിനാൽ ഗുളിക കഴിക്കേണ്ട ആവശ്യം വരുന്നില്ല.

ദോഷങ്ങൾ : ആ ഭാഗത്ത് മുഴ ഉണ്ടാവുന്നുണ്ടോ എന്ന് തുടരെ സ്കാൻ ചെയ്ത് നോക്കേണ്ടി വരുന്നു.

പരിശോധന ഫലം കാൻസർ എന്നു വരികയാണെങ്കിൽ, പെട്ടെന്നതുന്നെ ബാക്കി വെച്ച് ഭാഗം രണ്ടാമത് ഓപ്പറേഷൻ തെയ്ത് മാറ്റേണ്ടി വരുന്നു. ഇക്കാരണങ്ങൾ കൊണ്ട് കൂടുതൽ രോഗികളും പൂർണ്ണമായും ഗ്രന്ഥി നീക്കം ചെയ്ത് മരുന്നു കഴിക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്.

**വിവിധ ശസ്ത്രക്രിയ രീതികൾ**

**തുറന്നുള്ള ശസ്ത്രക്രിയ** (Open SUrgery)

കഴുത്തിന്റെ താഴെ ഭാഗത്തുള്ള മടക്കിലാണ് സാധാരണയായി മുറിവുണ്ടാക്കുന്നത്. ഞരമ്പുകളും കാൻസർ നിയന്ത്രിക്കുന്ന പാരാതൈറോയ്ഡ് ഗ്രന്ഥികളും പരിക്ക് വരാതെ തൈറോയ്ഡ് നീക്കം ചെയ്യുന്നു. കഴുത്തിന്റെ വശത്ത് മുറിവുണ്ടാക്കി ചെയ്യുന്ന ലാറ്ററൽ തൈറോയ്ഡക്ടമി (Lateral Thyroidectomy) യും കഴുത്തിന്റെ പിൻഭാഗത്തോ, കക്ഷത്തിലോ മുറിവുണ്ടാക്കി റോബോട്ടിന്റെ സഹായത്തോടെ ചെയ്യുന്ന റോബോട്ടിക് സർജറിയും ചിലപ്പോൾ ചെയ്യാറുണ്ട്.

**താക്കോൽദ്വാര ശസ്ത്രക്രിയ** (Endoscopic Thyroidectomy)

കക്ഷത്തിലും നെഞ്ചിലുമുണ്ടാകുന്ന നാലോ അഞ്ചോ തീരെ ചെറിയ മുറിവുകളിലൂടെ, താക്കോൽദ്വാര ശസ്ത്രക്രിയയ്ക്കുപയോഗിക്കുന്ന ഉപകരണങ്ങളുടെ സഹായത്തോടെ തൈറോയിഡ് ഗ്രന്ഥി പൂർണ്ണമായും മാറ്റുന്നു. വളരെ സൂക്ഷ്മതയോടെ ചെയ്യുവാൻ സാധിക്കുന്നതുകൊണ്ടും ഇരുപതു മടങ്ങ് വലുതായി കാണുന്നതുകൊണ്ടും കൂടുതൽ വ്യക്തതയോടെ ശസ്ത്രക്രിയ പൂർണ്ണമാക്കാൻ സാധിക്കുന്നു. പ്രത്യേകിച്ച് പ്രായം കുറവുള്ളവരിലും സ്ത്രീകളിലും കഴുത്തിൽ മുറിവുണ്ടാകാത്തത് വളരെ ആശ്വാസം പകരുന്നു. പത്ത് സെന്റീമീറ്റർ വരെ വലിപ്പമുള്ള ഗ്രന്ഥിയും, കാൻസർ വരേയും ഇതു വഴി നീക്കം ചെയ്യാൻ സാധിക്കുന്നു.

# പ്രതിനിധിയോഗ വാർത്തകൾ

1. ഡിസംബർ മാസത്തെ വരവ് ചെലവ് കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി.
2. ഇടവക തിരുനാൾ, ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ഈവ് എന്നിവ വളരെ ഭംഗിയായി നടത്തുവാൻ സഹകരിച്ച ഏവരേയും വികാരിയച്ചൻ അഭിനന്ദിച്ചു.
3. ഇടവക തിരുനാൾ, ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ഈവ് എന്നിവ മനോഹരമായി നടത്തുവാൻ സഹകരിച്ച ഏവർക്കും കൺവീനർമാർ നന്ദി പറഞ്ഞു.
4. ഇടവക പണം, തിരുനാൾ പണം, പള്ളിയിലേക്ക് അടക്കേണ്ടുന്ന മറ്റ് സംഖ്യ കൾ എന്നിവ കുടിശിക ബുക്കിലേക്ക് ചേർക്കണമെന്നും, കുടിശിക ബുക്ക് തയ്യാറാക്കുന്നതിനായി കൈക്കാരന്മാർക്കൊപ്പം പ്രതിനിധിയോഗം സെക്ര ട്ടറി തോംസൺ തച്ചിലിനെ യോഗം ചുമതലപ്പെടുത്തി.
5. പഴയ രേഖകൾ നോക്കി അതിലെ കുടിശ്ശികയും, 2024 മുതലുള്ള കുടിശ്ശിക നിർബന്ധമായും കുടിശ്ശിക രജിസ്റ്ററിൽ ചേർക്കണമെന്ന് യോഗം തീരുമാനിച്ചു.
6. സങ്കീർത്തിയിലെ ഫ്ളോറിന്റെ മെയിന്റനൻസ് വർക്കുകൾ ചെയ്ത് തീർക്കുന്ന തിന് കൈക്കാരന്മാരേയും കൺസ്ട്രക്ഷൻ കമ്മിറ്റിയേയും ചുമതലപ്പെടുത്തി

## ഇടവക പ്രതിനിധി യോഗം

**2024 ഫെബ്രുവരി 18 ഞായർ രാവിലെ 7.30ന്**

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 04-02-2024 | 3.00 pm | സെന്റ് ജോസഫ് | ചിറ്റിലപ്പിള്ളി ലാസർ ഭാസി (മധുരക്കുളം റോഡ്) |
| 04-02-2024 | 4.30 pm | മേരിമാതാ | വടക്കേവീട്ടിൽ മണി ആനന്ദൻ (ഗാന്ധിജി നഗർ) |
| 11-02-2024 | 3.00 pm | സെന്റ് ആന്റണീസ് | ചീരൻ മാത്യു റോസി (സാംസൺ) (കക്കാട്) |
| 11-02-2024 | 4.30 pm | സെന്റ് തോമസ് | ഇടപ്പുള്ളി വാറു പ്രിൻസ് (വൈശ്ശേരി) |
| 18-02-2024 | 3.00 pm | സെന്റ് ജോർജ്ജ് | ചിറ്റടിയിൽ സാന്റി അഗസ്റ്റിൻ (കോട്ടയിൽ റോഡ്) |
| 18-02-2024 | 4.30 pm | സെന്റ് സേവ്യർ | മഠത്തിപറമ്പിൽ റപ്പായി തോമസ് (ബാബു) (കുറുക്കൻപാറ, കമ്പിപ്പാലം) |

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ഫെബ്രുവരി**

| | | |
|---|---|---|
| 2 | വെള്ളി | ദനഹാ നാലാം വെള്ളി (വി. എസ്തപ്പാനോസ് വേ.)<br>നമ്മുടെ കർത്താവിന്റേ ദേവാലയ പ്രവേശനം<br>(പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ)<br>ഗ്രീക്ക് സഭാ പിതാക്കന്മാർ<br>സുറിയാനി സഭാപിതാക്കന്മാർ<br>ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ |
| 3 | ശനി | ദനഹാ നാലാം ശനി - വി. ജോൺ ബ്രിട്ടോ പു. (ഫെബ്രുവരി 4)<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 6 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 9 | വെള്ളി | ദനഹാ അഞ്ചാം വെള്ളി<br>സകല മരിച്ചവരുടേയും ഓർമ്മ |
| 10 | ശനി | ദനഹാ അഞ്ചാം ശനി<br>ലൂർദ്ദ് മാതാവ് (രോഗീ ദിനം - ഫെബ്രുവരി 11) |
| 11 | ഞായർ | നോമ്പ് ഒന്നാം ഞായർ (ഇന്ന് പാതിര മുതൽ നോമ്പാരംഭം) |
| 12 | തിങ്കൾ | നോമ്പ് ഒന്നാം തിങ്കൾ - വിഭൂതി (ഉപവാസ ദിനം) |
| 23 | വെള്ളി | നോമ്പ് രണ്ടാം വെള്ളി - വി. പോലികാർപ്പ് മേ. വേ. |
| 24 | ശനി | നോമ്പ് രണ്ടാം ശനി - വാഴ്ത്തപ്പെട്ട വി. റാണിമരിയ ക. (ഫെബ്രു. 25) |


**മാർച്ച്**

| | | |
|---|---|---|
| 2 | ശനി | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |



## അഭിനന്ദനങ്ങൾ ...

*വഴിയിൽ നിന്ന് കളഞ്ഞുകിട്ടിയ
2 പവന്റെ സ്വർണ്ണമാല
മാന്തോപ്പ് സ്വദേശി ജിനുവിന്
തിരിച്ചുനൽകി മാതൃകയായ
നമ്മുടെ ഇടവകയിലെ
സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ
പുലിക്കോട്ടിൽ റൊണാൾഡ് - ഷോബി മകൻ*
***ആൽഫിൻ റൊണാൾഡിന്***
*ഇടവകയുടെ സ്നേഹോപഹാരം
നവവൈദികൻ
റവ. ഫാ. ആൽബിൻ ചൂണ്ടൽ
സമ്മാനിച്ചു.*



# ഹൃദയം നിറഞ്ഞ നന്ദി



പ്രിയ ഇടവക ജനങ്ങളെ,

ഈ വർഷം ജനുവരി 13, 14, 15 തീയ്യതികളിലായി നടത്തിയ നമ്മുടെ ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റേയും, പരിശുദ്ധ മാതാവിന്റേയും, വിശുദ്ധ എവുപ്രാസ്യമ്മയുടേയും 277-ാം സംയുക്ത തിരുനാൾ ഏറ്റവും ഭംഗിയാക്കുവാൻ പരിശ്രമിച്ച എല്ലാവർക്കും ഈ വർഷത്തെ തിരുനാൾ ആഘോഷത്തിന്റെ ജനറൽ കൺവീനർമാരായ ഞങ്ങൾ ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

തിരുനാൾ ആഘോഷ കമ്മിറ്റി രൂപീകരിച്ചതു മുതൽ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മീയ നേതൃത്വം നൽകിയ നമ്മുടെ ബഹുമാനപ്പെട്ട ഇടവക വികാരി ദാവിദച്ചന് നന്ദിയുടെ പൂച്ചെണ്ടുകൾ. തിരുനാളാഘോഷങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിശ്രമമില്ലാതെ എല്ലാ മേഖലകളിലും നേതൃത്വം നൽകിയ നമ്മുടെ കൈക്കാരന്മാരായ എം.എൽ. മാണി, ജോപോൾ വി. ആലപ്പാട്ട്, പോയ്സ് ജേബി എന്നിവർക്ക് നന്ദിയുടെ നറുമലരുകൾ.

വളരെ തന്മയത്വത്തോടെ കൃത്യമായി സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നേതൃത്വം നൽകിയ ഫിനാൻസ് കൺവീനർമാരായ കെ.ജി. ജിജോ - എം.ആർ. ആന്റോ, 110 തിരുനാൾ പ്രസുദേന്തിമാരെ അനായാസം കണ്ടെത്തി പ്രസുദേന്തി വാഴ്ച വളരെ ചിട്ടയോടെ നടത്തുന്നതിന് നേതൃത്വം നൽകിയ പ്രസുദേന്തി കൺവീനർമാരായ ഷോബി റൊണാൾഡ് - വി.ജെ. മിക്കി, മനോഹരമായ തിരുനാൾ സപ്ലിമെന്റ് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ പബ്ലിസിറ്റി കൺവീനർമാരായ എൻ.ജെ. ജെയ്മോൻ - തോംസൺ തച്ചിൽ, പാലാ കമ്മ്യൂണിക്കേഷൻസിന്റെ സൂപ്പർഹിറ്റ് ഗാനമേള നടത്തുന്നതിന് നേതൃത്വം നൽകിയ പ്രോഗ്രാം കൺവീനർമാരായ കെ.ജി. ബാബു - സി.ഒ. ബിജു, വൈദ്യുതദീപാലങ്കാരം കൊണ്ട് പള്ളിയെ മനോഹരമാക്കുന്നതിന് നേതൃത്വം നൽകിയ ഇല്ല്യുമിനേഷൻ കൺവീനർമാരായ ജോൺസൺ പാവു - എം.എൽ. സുനിൽ, ഒരു പൂന്തോട്ടം പോലെ പൂക്കൾ കൊണ്ട് പള്ളിയും, പരിസരവും അലങ്കരിക്കുന്നതിന് നേതൃത്വം നൽകിയ ഡെക്കറേഷൻ കമ്മിറ്റി കൺവീനർമാരായ ജാൻസി ആന്റോ - ജീന ജിജു, നേർച്ച തയ്യാറാക്കുന്നതിനും കൃത്യമായി വിതരണം ചെയ്യുന്നതിനും നേതൃത്വം നൽകിയ നേർച്ച കൺവീനർമാരായ കെ.ജെ. ജെയ്സൺ - ജോസ് കിരൺ, രുചികരമായ ഭക്ഷണം തയ്യാറാക്കുന്ന

തിന് നേതൃത്വം നൽകിയ റിഫ്രഷ്മെന്റ് കൺവീനർമാരായ എം.കെ. ദേവസ്സി - സി.എൻ. ഇമ്മാനുവേൽ, യാതൊരു അനിഷ്ട സംഭവങ്ങളുമില്ലാതെ അമ്പ് സമാപനത്തിനും, ഗാനമേള നടത്തുന്നതിനും നേതൃത്വം നൽകിയ വളണ്ടിയർ കൺവീനർമാരായ പി.ജെ. ടോണി - പി.ആർ. സജി, കൊടികയറ്റം മുതൽ തിരുനാൾ സമാപനം വരെ കരിമരുന്ന് പ്രയോഗം നടത്തുന്നതിന് നേതൃത്വം നൽകിയ വർണ്ണമഴ കൺവീനർമാരായ ലിയോൺ ജോർജ്ജ് - ജിനൊ ജോണി, ലിറ്റർജി കൺവീനർമാരായ സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് സി.എം.സി., ലിറ്റർജി ജോയിന്റ് കൺവീനറും, ദേവാലയ ശുശ്രൂഷിയുമായ ഉല്ലാസൻ എന്നിവർക്കും ഒരായിരം നന്ദി.

നേർച്ച വിതരണം ചെയ്ത അൾത്താര ബാലന്മാർ, തിരുനാൾ ഏറ്റവും ഭംഗിയാക്കി നടത്തുവാൻ സഹകരിച്ച ഗായകസംഘം, കത്തോലിക്ക കോൺഗ്രസ്, മാതൃവേദി, സി.എൽ.സി., കെ.എൽ.എം., ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്നീ ഭക്തസംഘടനകളിലെ എല്ലാ ഭാരവാഹികളോടും അംഗങ്ങളോടും നന്ദി അറിയിക്കുന്നു.

തിരുനാൾ തിരുകർമ്മങ്ങൾ റെക്കോഡ് ചെയ്ത് പ്രക്ഷേപണം ചെയ്ത സിസിടിവി പ്രവർത്തകർ, തിരുനാൾ പരിപാടികൾ ജനങ്ങളിലേക്കെത്തിച്ച മാധ്യമപ്രവർത്തകർ, തിരുനാൾ സപ്ലിമെന്റിലേക്ക് പരസ്യങ്ങളും, ആശംസകളും നൽകിയവർ, ഹോളി ചൈൽഡ് കോൺവെന്റിലെ ബഹു. സിസ്റ്റേഴ്സ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, വിശ്വാസ പരിശീലന അദ്ധ്യാപകർ, പി.ടി.എ. കമ്മിറ്റി അംഗങ്ങൾ, പ്രതിനിധി യോഗ അംഗങ്ങൾ എന്നിവർക്കും നന്ദി സ്നേഹപൂർവ്വം നേരുന്നു.

നവനാൾ കുർബാനകളും ആഘോഷമായ തിരുനാൾ കുർബാനയും ഏറ്റെടുത്ത് നടത്തിയവർ, നവനാൾ കുർബാനകളും ആഘോഷമായ തിരുനാൾ കുർബാനയും അർപ്പിച്ച ബഹുമാനപ്പെട്ട വൈദികർ, തിരുനാൾ പ്രസുദേന്തിമാർ, ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ച ബഹുമാനപ്പെട്ട മറ്റം ഫൊറോന വികാരി വെരി. റവ. ഫാ. ഷാജു ഊക്കൻ എന്നിവരോടുള്ള നന്ദിയും സ്നേഹപൂർവ്വം അറിയിക്കുന്നു.

നമ്മുടെ തിരുനാൾ ഏറ്റവും ഭംഗിയായി നടത്തുവാൻ സഹകരിച്ച ഇടവകയാകുന്ന കുടുംബത്തിലെ ഓരോ അംഗങ്ങളോടും ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊണ്ട്.

**വി.ജെ. സുനിൽ**
ജനറൽ കൺവീനർ

**വി.സി. ജോസി**
ജോ. ജന. കൺവീനർ


2024
ഇടവക തിരുനാൾ


















PALA COMMUNICATIONS







2024 ഇടവക തിരുനാൾ പ്രസുദേന്തിമാർ



# "മമ്മീ, ദൈവം മമ്മിയെപ്പോലെയാണ്"

**സിസ്റ്റർ അൻസ ജോസ് CMC**

ഇംഗ്ലീഷ് സാഹിത്യകാരനായ ഖലീൽ ജിബ്രാന്റെ ഒരു കഥ കേട്ടിട്ടുണ്ട്. തിരക്കേറിയ ലണ്ടൻ നഗരത്തിലൂടെ എട്ടു വയസ്സ് പ്രായമായ കറുത്ത് മെലിഞ്ഞ ഒരു പെൺകുട്ടി തന്റെ പത്ത് വയസ്സ് പ്രായമുള്ള മന്ദബുദ്ധിയായ അസാധാരണമായ രീതിയിൽ തലയ്ക്ക് വലിപ്പമുള്ള സഹോദരനേയും തോളത്തിട്ടുകൊണ്ട് വേഗത്തിൽ നടന്നു നീങ്ങുകയാണ്. യാത്രയ്ക്കിടയിൽ ആ കുഞ്ഞു പെൺകുട്ടിയുടെ കുഞ്ഞു തോളിൽ നിന്നും സഹോദരന്റെ വലിപ്പമുള്ള തല പലപ്പോഴും തെന്നി താഴേക്ക് പോയിക്കൊണ്ടിരുന്നു. വളരെ പാടുപെട്ട് ആ പെൺകുട്ടി സഹോദരനെ സുരക്ഷിതനാക്കി കിടത്തിയിരുന്നു. ചില ആളുകൾ അവളുടെ നേർക്ക് നാണയത്തുട്ടുകൾ വലിച്ചെറിഞ്ഞു നൽകി. ചിലർ അവളെ സഹതാപത്തോടെ നോക്കി. നഗരത്തിരക്കിൽ നിന്നും അവൾ നടന്ന് അടുത്ത ഗ്രാമത്തിൽ എത്തി. വീട് വീടാന്തരം കയറിയിറങ്ങി ഭിക്ഷയാചിച്ചു. അവൾ ഒരു കുടിലിന്റെ മുമ്പിൽ എത്തി. ആ വീടിനുള്ളിൽ നിന്നും ഒരു വൃദ്ധ ഇറങ്ങി വന്നു. വളരെ പാടുപെട്ട് തന്റെ സഹോദരനെയും ചുമന്നുനിൽക്കുന്ന ആ പെൺകുട്ടിയോട് വൃദ്ധ ചോദിച്ചു. ഇതെന്തൊരു ഭാരമാണ് കുട്ടി? മറുപടിയായി ആ പെൺകുട്ടി പറഞ്ഞു. ഭാരമല്ല അമ്മച്ചി. ഇത് എന്റെ സഹോദരനാണ്. സഹോദരനോടുള്ള അവളുടെ സ്നേഹമാണ് ഭാരമായി തോന്നാതിരിക്കാൻ കാരണം.

'ചിക്കൻ സൂപ്പ് ഫോർ ദ സോൾസ്' എന്ന ഗ്രന്ഥത്തിൽ മിസ്സിസ് ഡാൻ ക്ലാർക്ക് തന്റെ ഒരു അനുഭവം പങ്കുവെക്കുന്നുണ്ട്.

## ഇടവകയിലേയ്ക്ക് സ്വാഗതം

നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് ജോർജ്ജ് കുടുംബ കൂട്ടായ്മയിൽ അംഗമായ

**പുത്തൻപറമ്പിൽ കുട്ടാപ്പു & ലത കുടുംബത്തിനും**

അഹമ്മദാബാദ് ബാപ്പു നഗർ ഹോളി ഫാമിലി ഇടവകയിൽ നിന്നും വന്ന്
നമ്മുടെ ഇടവകയിൽ ചേർന്ന് മേരിമാതാ കുടുംബ കൂട്ടായ്മയിൽ അംഗമായ

**കൂത്തൂര് ലൂയീസ് അന്തോണി & ആനി കുടുംബത്തിനും**

ഇടവകയിലേക്ക് സ്വാഗതം

ഒരു സായാഹ്നത്തിൽ തണുപ്പ് അകറ്റാൻ ഒരു കഷണം തുണി പോലും ഇല്ലാതെ ഒരു ബാലൻ തെരുവിൽ ഇരിക്കുന്നു. ഗ്രന്ഥകാരി അരികിൽ ചെന്ന് തന്റെ കമ്പിളിപുതപ്പ് പുതയ്ക്കാൻ കൊടുത്തു. തൊട്ടടുത്തുള്ള റസ്റ്റോറന്റിൽ കൊണ്ടുപോയി ചൂടുള്ള ഭക്ഷണം നൽകി., യാത്ര പറയുമ്പോൾ ഡാൻ ക്ലാർക്ക് പറഞ്ഞു "ദൈവം നിന്നെ അനുഗ്രഹിക്കും". ആ ബാലൻ അത്ഭുതത്തോടെ ചോദിച്ചു. "മമ്മി, ദൈവം മമ്മിയെപോലെയാണോ?"

പ്രിയമുള്ള കുഞ്ഞു മക്കളെ, നിങ്ങൾക്ക് ഹൃദയം ഉണ്ട്. മറ്റുള്ളവർക്ക് മതിവരുവോളം സ്നേഹം പകരുക. നിങ്ങൾക്ക് കണ്ണുകൾ ഉണ്ട്. മറ്റുള്ളവരുടെ കണ്ണുനീർ കാണുക. നിങ്ങൾക്ക് കാലുകൾ ഉണ്ട്. വേദനിക്കുന്നവരെ തേടിപോവുക. നിങ്ങൾക്ക് നാവുണ്ട്. മധുര വാണികളാൽ മറ്റുള്ളവരെ ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അങ്ങനെ നമുക്കും ദൈവപൈതലായി വളരാം. വീണ്ടും ഒരു നോമ്പുകാലം കടന്നുവരുന്നു. ദിവസവും വി. കുർബാനയിൽ സംബന്ധിച്ച് കുരിശിന്റെ വഴിയിൽ പങ്കുകൊണ്ട് മത്സ്യമാംസാദികൾ ഉപേക്ഷിച്ച് ഈശോയുടെ സഹനത്തിൽ പങ്കുചേരാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



2023 ക്രിസ്തുമസിന് 25 ദിവസവും മുടങ്ങാതെ വി. കുർബാനയിൽ സംബന്ധിച്ച വിശ്വാസ പരിശീലന വിദ്യാർത്ഥികൾ വികാരിയച്ചനോടൊപ്പം

WEDDING
# Anniversary

PUNNATHUKALLAM FAMILY



44th
on
04-02-2024

Joachim Thami & Anna Joachim



10th
on
03-02-2024

Johnpaul Joachim & Jesintha Johnpaul




*Best Wishes*
Evus
Lolu
& Kripa



പാവനസ്മരണയ്ക്ക്
18-ാം ചരമവാർഷികം
18-02-2024
ചുങ്കത്ത് പറിഞ്ചു
ഔസേപ്പ്
കക്കാട്
സ്നേഹസ്മരണകളോടെ
സി.ഒ. ബാബു & ഫാമിലി




പാവനസ്മരണയ്ക്ക്
13-ാം ചരമവാർഷികം
22-02-2024
വലിയവീട്ടിൽ ദേവസി
തോമ
സ്നേഹസ്മരണകളോടെ...
മക്കൾ മരുമക്കൾ
ഗ്രേസി പോളി
ഉഷ രാജൻ (Late)
ബാബു, ജാൻസി
വർഗ്ഗീസ് ബേബി
ജോയ് റീത്ത
സണ്ണി ഷീജ

# അനുബന്ധം 4
# സ്മരണീയമായ ചില തീയതികൾ

*(തുടർച്ച...)*

AD

1950 നവംബർ 9 – കാവുകാട്ടു മാർ മത്തായി, വയലിൽ മാർ സെബാസ്ത്യൻ എന്നീ മെത്രാന്മാരുടെ അഭിഷേകം (റോമാ).

1951 ജനുവരി 8 – ചൂളപറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം.

1952 ഡിസംബർ 28-31 – എറണാകുളത്തു വെച്ച് വി. തോമാശ്ലീഹായുടേയും വി. ഫ്രാൻസിസ് സേവ്യറിന്റേയും ശതാബ്ദിയാഘോഷങ്ങളിൽ പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്ത കർദ്ദിനാൾ തോമസ് ഗിൽറോയി ആദ്ധ്യക്ഷം വഹിച്ചു. എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ അഗസ്റ്റിൻ സ്വാഗതപ്രസംഗം നടത്തി. സമാപന ദിവസം ഇന്ത്യയിലെ നിരവധി മേലദ്ധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. ഇന്ത്യയുടെ ആദ്യത്തെ കർദ്ദിനാളായി ബോംബെ മെത്രാപ്പോലീത്ത വലേരിയൻ ഗ്രേഷ്യസ് തിരഞ്ഞെടുക്കപ്പെട്ട വിവരത്തിനു കമ്പിസന്ദേശം ലഭിച്ചു.

1953 ജനുവരി 29 – തിരുവനന്തരപുരം അതിരൂപതയുടെ സഹായ മെത്രാനായി മാർ ഗ്രിഗോരിയോസിന്റെ അഭിഷേകം.

1953 ജൂലൈ 15 – മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ ചരമം.

1953 ഒക്ടോബർ 28 – ആരെത്തൂസായുടെ മെത്രാനും എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനുമായി പാറേക്കാട്ടിൽ മാർ യൗസേപ്പു തിരഞ്ഞെടുക്കപ്പെട്ടു.

1953 നവംബർ 11 –പൗരസ്ത്യ തിരസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ സംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ തിസ്സാറാങ്ങ് കേരള സന്ദർശനാർത്ഥം എറണാകുളത്തുവന്നു. എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി പാറേക്കാട്ടിൽ യൗസേപ്പച്ചനെ തിരഞ്ഞെടുത്ത വാർത്ത കർദ്ദിനാൾ പ്രഖ്യാപിച്ചു.

1953 നവംബർ 30 – എറണാകുളത്തു കർദ്ദിനാൾ തിസ്സറാങ്ങ് തിരുമേനിമാർ യൗസേപ്പ് പാറേക്കാട്ടിലിനെ മെത്രാനായി അഭിഷേചിച്ചു.

1953 ഡിസംബർ 6 – മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽ നിന്ന് എദേസ്സായ്ക്കു കൊണ്ടുപോവുകയും അവിടെനിന്ന് പിന്നീട് ഇറ്റലിയിലെ Ortona a Mare എന്ന

പട്ടണത്തിൽ കൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്തു. അതിൽനിന്ന് കൈയുടെ ഒരു അസ്ഥി കർദ്ദിനാൾ തിസ്സാറാങ് തിരുമേനി കൊണ്ടുവന്ന് കൊടുങ്ങല്ലൂരിൽ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിലും പ്രൊനുൺസിയോയുടെ മേൽനോട്ടത്തിലും സ്ഥാപിച്ചിരിക്കുന്ന Ponitifical Shrin-ൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു.

1953 ഡിസംബർ 31 - എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി തലശ്ശേരി രൂപതയുടെ സ്ഥാപനം. വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. (Ad Chisti Ecclesiam of Pius XII)

1954 ഏപ്രിൽ 22 - തിരുവല്ല മെത്രാൻ മാർ തിയോഫിലസ് തിരുമേനിയുടെ സഹായമെത്രാനായി സക്കറിയാസ് മാർ അത്തനാസിയോസിന്റെ അഭിഷേകം.

1955 ജനുവരി 16 - തിരുവല്ല മെത്രാപ്പോലീത്താ മാർ സേവേരിയോസിന്റെ ചരമം.

1955 ജനുവരി 27 - മാർഗ്രിഗോരിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്ത

1955 ജനുവരി 27 - മാർ അത്തനാസിയോസ് തിരുവല്ല മെത്രാപ്പോലീത്ത.

1955 ജനുവരി 27 - മാർ അത്തനാസിയോസ് തിരുവല്ല മെത്രാൻ

1955 ഏപ്രിൽ 28 - സീറോ മലബാർ ഹയരാർക്കിയുടെ അധികാരപരിധി വികസനം സംബന്ധിച്ചുള്ള പന്ത്രണ്ടാം പീയൂസ് മാപാപ്പ തിരുമനസ്സിലെ തീരുമാനം.

1955 ഏപ്രിൽ 29 - തത്സംബന്ധമായി പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രികൾ

എ) Multorum Fidelibus - ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാ പ്രദേശങ്ങളിൽ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ട് കന്യാകുമാരി വരെ വികസിപ്പിച്ചു.

ബി) Saepe Fidelium - തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാ പ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

സി) Pro Fidelium - തലശ്ശേരി രൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതാ പ്രദേശങ്ങൾ ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

ഡി) Quae Suddistica gens - കോട്ടം മെത്രാന് വികസിതമായ മലയാള സുറിയാനി പ്രദേശത്തുള്ള തെക്കുംഭാഗരായ സുറിയാനി കത്തോലിക്കരുടെ മേൽ അധികാരം (personal Jurisdiction)

1955 ഒക്ടോബർ 16 - തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി.

1956 ജനുവരി 8 - വെള്ളോപ്പിള്ളി മാർ സെബസ്ത്യൻ മെത്രാന്റെ അഭിഷേകം (റോം)

1956 ജനുവരി 10 - കണ്ടത്തിൽ മാർ ആഗസ്തിനോസ് തിരുമേനിയുടെ ചരമം.

1956 ജൂൺ 27 - മാർ തിയോഫിലസ് തിരുമേനിയുടെ ചരമം.

1956 ജൂലൈ 20 - എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ പാറേക്കാട്ടിൽ മാർ യൗസേപ്പ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 - ചങ്ങനാശ്ശേരി രൂപത അതിരൂപതയായും കാവുകാട്ട് മാർ മത്തായി മെത്രാൻ അതിന്റെ മെത്രാപ്പോലീത്തയായും ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 - കോതമംഗലം രൂപതയുടെ സ്ഥാപനവും പോത്തനാമുഴി മാർ മത്തായി മെത്രാന്റെ തെരഞ്ഞെടുപ്പും.

1956 നവംബർ 18 - പോത്തനാമുഴി മാർ മത്തായി മെത്രാന്റെ അഭിഷേകം (റോം)

1957 ആഗസ്റ്റ് 24 - മോസ്റ്റ് റവ. ഡോ. ജെയിംസ് റോബർട്ട് നോക്സ് ഭാരതത്തിലെ ഇന്റർനൺസിയോ ആയി ചാർജെജടുത്തു.

1958 ആഗസ്റ്റ് 4 - എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് റോമിൽ വച്ചു 12-ാം പീയൂസ് മാർപാപ്പ തിരുമേനിയിൽ നിന്നും പാലിയം സ്വീകരിച്ചു.

1958 ഒക്ടോബർ 25 - ഇന്ത്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന കർദ്ദിനാൾ എഡ്വേർഡ് മൂണി നിര്യാതനായി.

1959 നവംബർ 26 - ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തുന്ന ഡിക്രിയും കാവുകാട്ട് മാർ മത്തായി മെത്രാനെ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള ബൂളയും ഇന്റർനൺസിയോ മോസ്റ്റ് റവ. ഡോ. ജെയിംസ് റോബർട്ട് നോക്സ് തിരുമേനി ചങ്ങനാശ്ശേരിയിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും മാർ കാവുകാട്ട് തിരുമേനിയെ പാലിയം ധരിപ്പിക്കുകയും ചെയ്തു.

പാചക കോർണർ

# മീൻ അച്ചാർ

ബിന്ദു രാജു



| | |
|---|---|
| ദശകട്ടിയുള്ള മീൻ | 250 ഗ്രാം |
| മുളകുപൊടി | 1 ടീസ്പൂൺ |
| മഞ്ഞൾപൊടി | 1/4 ടീസ്പൂൺ |
| വിനാഗിരി | 1 ടീസ്പൂൺ |
| ഉപ്പ് | ആവശ്യത്തിന് |
| ഇഞ്ചി | 1 വലുത് |
| വെളുത്തുള്ളി | 2 കുടം |
| മുളക്പൊടി | 2.5 ടീസ്പൂൺ |
| കടുക് | 1 ടീസ്പൂൺ |
| ഉലുവ | 1/4 ടീസ്പൂൺ |
| കറിവേപ്പില | ആവശ്യത്തിന് |
| കായംപൊടി | 1/4 ടീസ്പൂൺ |
| ഉലുവ പൊടി | 1/4 ടീസ്പൂൺ |
| നല്ലെണ്ണ | 1/4 - 1/2 കപ്പ് |
| വിനാഗിരി | 1/4 - 1/2 കപ്പ് |
| വെള്ളം | 1/4 കപ്പ് |

മീൻ നന്നായി കഴുകി വെള്ളം വാർന്ന ശേഷം അതിൽ മുളകുപൊടി, മഞ്ഞൾപൊടി വിനാഗിരി, ഉപ്പ് ഇവ ചേർത്ത് നന്നായി പുരട്ടി കുറച്ചുനേരം വെക്കുക. ശേഷം ഒരു പാത്രത്തിൽ നല്ലെണ്ണ/വെജിറ്റബിൾ ഓയിൽ ചേർത്ത് നന്നായി ചൂടാകുമ്പോൾ മീൻ കഷണങ്ങൾ മുഴുവൻ വറുത്ത് കോരുക

നല്ലെണ്ണ ആണെങ്കിൽ അതേ പാത്രത്തിൽ തന്നെ കടുകിട്ട് പൊട്ടിക്കുക. അല്ലെങ്കിൽ മറ്റൊരു പാത്രത്തിൽ നല്ലെണ്ണ ഒഴിച്ച് ചൂടാക്കുക. കടുക് നന്നായി പൊട്ടിയ ശേഷം അതിലേക്ക് ഉലുവ ചേർത്ത് മൂപ്പിക്കുക. കറിവേപ്പിലയും ചേർത്ത് കൊടുക്കുക.

ഇതിലേക്ക് ചതച്ചു വെച്ചിരിക്കുന്ന ഇഞ്ചി, വെളുത്തുള്ളി ചേർത്ത് നന്നായി മൊരിക്കുക. നന്നായി മൊരിഞ്ഞു ബ്രൗൺ നിറമാകുമ്പോൾ അതിലേക്ക് മഞ്ഞൾപൊടി, മുളകുപൊടി ചേർത്ത് പിന്നീട് വെള്ളം ചേർത്ത് നന്നായി തിളപ്പിക്കുക. അതിലേക്ക് മീൻ കഷണങ്ങൾ ചേർത്ത് ഇളക്കുക. ഒന്ന് തിളക്കുമ്പോൾ ഉപ്പ് ചേർത്ത് അതിലേക്ക് വിനാഗിരി ചേർത്തിളക്കുക. തീ താഴ്ത്തി വെക്കുക ഒരു 5 സെക്കന്റ് അതിലേക്ക് ഉലുവപ്പൊടിയും കായം പൊടിയും ചേർത്ത് ഇളക്കി തീ അണക്കുക. അതേ പാത്രത്തിൽ തന്നെ വെച്ചിരുന്ന് തണുത്തശേഷം മാത്രം കുപ്പിയിലാക്കുക.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ..................................... ഫോൺ നമ്പർ :...............................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Nadal Lolac, Class : 4 , St. Joseph Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...






# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : .......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Godwin V.J.**

Std : III, Marymatha Kudumbakoottayma

"ബ്രോ, ഏത് പാപ്പയാ ഭംഗി"

# വചന കലണ്ടർ

## 2024 FEBRUARY ഫെബ്രുവരി

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>ഗലാ 3:15 – 20<br>യോഹ 11:17 – 27 | **2**<br>റോമാ 9:30 – 10:4<br>ലൂക്കാ 2:22 – 38 | **3**<br>എഫേ 4:25 – 32<br>മത്താ 6:5 – 15 |
| **4**<br>ദാനി 9:1 – 9<br>കൊളോ 1:12 – 19<br>മർക്കോ 2:1 – 12 | **5**<br>കൊളോ 2:16 – 19<br>മത്താ 12:1 – 8 | **6**<br>ശ്ലീഹ 5:12 – 20<br>മത്താ 12:9 – 14 | **7**<br>ഗലാ 3:7 – 14<br>യോഹ 5:1 – 18 | **8**<br>റോമാ 2:25 – 29<br>മത്താ 12:15 – 21 | **9**<br>വെളി 20:11 – 15<br>യോഹ 5:19 – 29 | **10**<br>വെളി 12:1 – 6<br>യോഹ 2:1 – 11 |
| **11**<br>പുറ 24:12 – 18<br>ഹെബ്രാ 2:10 – 18<br>ലൂക്കാ 4:1 – 13 | **12**<br>ഉത്പ 3:1 – 13<br>റോമ 12:1 – 8<br>മത്താ 21:28 – 32 | **13**<br>ശ്ലീഹ 8:14 – 25<br>മർക്കോ 9:14 – 29 | **14**<br>യാക്കോ 4:1 – 10<br>മത്താ 18:1 – 10 | **15**<br>1 തെസ 2:17 – 3:5<br>ലൂക്കാ 22:24 – 30 | **16**<br>യാക്കോ 1:12 – 18<br>ലൂക്കാ 22:39 – 46 | **17**<br>2 കോറി 2:5 – 11<br>ലൂക്കാ 15:11 – 24 |
| **18**<br>ഉല്പ 13:1 – 13<br>1 തിമോ 6:3 – 10<br>ലൂക്കാ 19:1 – 10 | **19**<br>യാക്കോ 2:1 – 9<br>ലൂക്കാ 16:19 – 31 | **20**<br>യാക്കോ 5:1 – 6<br>ലൂക്കാ 18:18 – 30 | **21**<br>1 തിമോ 6:17 – 21<br>ലൂക്കാ 12:13 – 21 | **22**<br>റോമാ 8:1 – 6<br>മത്താ 6:19 – 24 | **23**<br>യാക്കോ 1:9 – 11<br>4:13 – 16<br>ലൂക്കാ 12:13 – 21 | **24**<br>2 കൊറി 4:7 – 15<br>മത്താ 10:16 – 25 |
| **25**<br>നിയ 15:7 – 15<br>കോറി 8:9 – 15<br>മത്താ 6:1 – 8,16 – 18 | **26**<br>ഫിലി 4:10 – 20<br>മർക്കോ 9:33 – 44 | **27**<br>2 കോറി 9:1 – 5<br>മർക്കോ 12:38 – 44 | **28**<br>2 കോറി 9:6 – 10<br>ലൂക്കാ 6:32 – 38 | **29**<br>യാക്കോ 2:10 – 17<br>മത്താ 7:21 – 28 | **1**<br>റോമാ 9:30 – 10:4<br>ലൂക്കാ 2:22 – 38 | **2**<br>എഫേ 4:25 – 32<br>മത്താ 6:5 – 15 |


HAPPY BIRTHDAY
08-02-2024
Haziel Naveen
S/o. Naveen Raju & Gilda
Pallippurath House
Chiralayam - Kunnamkulam
Sharing Happiness : Appappan, Ammamma, Valyammama

MONO PERC
HALF CUT SOLAR PANEL
AVAILABLE

ALL KERALA
INSTALLATION
AVAILABLE



# വൈദ്യുതി വീട്ടിലുണ്ടാക്കി വിൽക്കാം... KSEB യിൽ നിന്ന് വരുമാനം സ്വന്തമാക്കാം...!

**40% സബ്സിഡിയോടു കൂടി ഇപ്പോൾ സോളാർ പ്ലാന്റ് സ്ഥാപിക്കാം**

## SOLAR PLANS

| Bill Amount | Unit |
|---|---|
| Upto 5500 | 3 KW |
| 5500 - 10,000 | 5 KW |
| 10,000 - 17,000 | 8 KW |
| 17,000 - 24,000 | 10KW |

## MONO PERC HALF CUT SOLAR PANEL

**43,000 മുതൽ 92,000 രൂപ വരെ സബ്സിഡി ലഭ്യമാണ്**

PAVOOS
Power Solutions

Door XV/84-11
First Floor
Pavoos Shopping Center
Wadakkanchery Road
**Kunnamkulam**



*Director*
**Pearlju Baby Chungath**
M: 98470 31110

+91 97447 22274
+91 98470 52203
+91 97782 31441

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM